**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2862** **24-02-2026 - ൽ മറുപടിയ്ക്ക്**

**ജലജാഗ്രത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മാരകമായ ജലജന്യ രോഗങ്ങളുടെ ഭീഷണി നിലനിൽക്കുന്ന സാഹചര്യത്തിൽ ജനങ്ങൾ പാലിക്കേണ്ട കുറ്റമറ്റ ജല ജാഗ്രത സംബന്ധിച്ച് വ്യാപക പ്രചരണം നടത്തേണ്ട സാഹചര്യം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | ജലനിധി ശുദ്ധജല വിതരണ ശുചിത്വ പദ്ധതികൾ നടപ്പിലാക്കിയ ഗ്രാമപഞ്ചായത്തുകളിലും സമീപ പ്രദേശങ്ങളിലും ജല സംരക്ഷണത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിനായി സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ, വാർഡ് മെമ്പർമാർ, കുടിവെള്ള ഉണഭോക്തൃ സമിതികൾ തുടങ്ങിയവരെ ഉൾപ്പെടുത്തി ബോധവൽക്കരണ പരിപാടികളും പരിശീലന പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന വ്യാപകമായി സർക്കാർ / എയിഡഡ് സ്കൂളുകളിൽ ജലശ്രീ ക്ലബ്ബുകൾ രൂപീകരിച്ച് കുട്ടികളിലും മാതാപിതാക്കളിലും ജല സാക്ഷരത, ജല സംരക്ഷണം തുടങ്ങിയ വിഷയങ്ങളിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. ഇത്തരം പരിപാടികളിലൂടെ ജലത്തിന്റെ മൂല്യത്തെക്കുറിച്ചും ദുരുപയോഗം തടയുന്നതിനെക്കുറിച്ചും മലിനീകരണ സാധ്യതകൾ ഇല്ലാതാക്കുന്നതിനെക്കുറിച്ചും റോഡ് ഷോകൾ, കിറ്റിഷോ, ശില്പശാലകൾ, ഉപന്യാസമത്സരങ്ങൾ, ഷോർട്ട് ഫിലിം എന്നീ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. ജല സമൃദ്ധി എന്നപേരിൽ ഒരു പ്രത്യേക പരിപാടി കമ്മ്യൂണിറ്റി റേഡിയോ വഴി ജനങ്ങളിൽ ജല സംരക്ഷണത്തെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും ജലദുരുപയോഗം, ജല മലിനീകരണം എന്നിവ തടയുന്നതിനും അവബോധം ഉണ്ടാക്കുന്നതിനായി അതാത് സ്ഥലത്തെ പ്രാദേശിക ഭാഷയിൽ പ്രക്ഷേപണം നടത്തിയിട്ടുണ്ട്. ജലനിധി പദ്ധതിയുടെയും ജലജീവൻ മിഷൻ പദ്ധതിയുടെയും ഭാഗമായി ജല മലിനീകരണ തോത് തടയുന്നതിന് പരിശീലനം നൽകിയ കുടുംബശ്രീ അംഗങ്ങൾ, യൂത്ത് ക്ലബ്ബുകൾ, ജലശ്രീ ക്ലബ്ബുകൾ, മറ്റു സാമൂഹിക സമിതികൾ വഴി ഫീൽഡ് ടെസ്റ്റ് കിറ്റ് ഉപയോഗിച്ച് |

പിഎച്ച്, ടർബിഡിറ്റി, ഹാർഡ്നസ്സ്, ക്ലോറൈഡ്, നൈട്രേറ്റ്സ്, ഫ്ലോറൈഡ്, അയേൺ, ബാക്ടീരിയൽ ടെസ്റ്റ് എന്നിവ നടത്തി ഗാർഹിക കിണറുകളുടെ ജലഗുണനിലവാരം പരിശോധിക്കുകയും ജല മലിനീകരണതോത് ജനങ്ങളെയും ഗുണഭോക്തൃ സമിതി അംഗങ്ങളെയും അറിയിച്ച് ബോധവല്ക്കരണം നടത്തുകയും ചെയ്യുന്നു.

ജലജന്യ രോഗങ്ങളുടെ ഭീഷണി തടയുന്നതിനായി കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ ജലസ്രോതസ്സുകളും ടാങ്കുകളും യഥാസമയം അണുനശീകരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കേരള വാട്ടർ അതോറിറ്റി നൽകുന്ന ശുദ്ധജലം ജനങ്ങൾക്ക് നൽകുന്നതിനു മുന്നേ എല്ലാവിധ ജല പരിശോധനകളും നടത്തി ശുദ്ധമാണെന്ന് ഉറപ്പുവരുത്താറുണ്ട്. അതിനായി ജല അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന്റെ കീഴിൽ വിവിധ ഇടങ്ങളിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ക്വാളിറ്റി കൺട്രോൾ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ എല്ലാ ജലശുദ്ധീകരണശാലകളോട് ചേർന്നും ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. മറ്റ് ജലസ്രോതസ്സുകളിലെ ജലത്തിന്റെ ഗുണനിലവാരം ജനങ്ങൾക്ക് കേരള വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ ലാബുകൾ വഴി പരിശോധിക്കാവുന്നതാണ്. ക്വാളിറ്റി കൺട്രോൾ വിഭാഗം വിവിധ ദൃശ്യ,ശ്രാവ്യ മാധ്യമങ്ങൾ വഴി കുടിവെള്ളം പരിശോധിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ബോധവൽക്കരണം നടത്തുന്നുണ്ട്. കൂടാതെ സർക്കാർ സംഘടിപ്പിക്കുന്ന വിവിധ പരിപാടികളിൽ കേരള ജല അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ വിഭാഗം സ്റ്റാളുകൾ സംഘടിപ്പിക്കുകയും കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന വാട്ടർ ക്വാളിറ്റി ടെസ്റ്റിംഗ് ലാബുകളിൽ നടത്തേണ്ട ആവശ്യകതയെപ്പറ്റി അറിയിക്കുകയും ചെയ്യുന്നുണ്ട്. വിതരണം ചെയ്യുന്ന ജലത്തിന്റെ അണുനശീകരണം നടത്തുകയും, കുടിവെള്ളത്തിൽ Residual ക്ലോറിൻ ഉറപ്പ് വരുത്തുന്നതിനായി എല്ലാ ജല വിതരണ ശൃംഘലകളിലെയും Tail end കട്ട് ചെയ്ത് സൂപ്പർ ക്ലോറിനേഷൻ പ്രവർത്തികളും നടത്തി വരുന്നു.

സംസ്ഥാനത്ത് അമീബിക് മസ്തിഷ്കജ്വരം അതിതീവ്രമായിരുന്ന സമയത്ത് ഹരിതകേരളം മിഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ആരോഗ്യവകുപ്പിനേയും ഏകോപിപ്പിച്ച് കിണറുകൾ ക്ലോറിനേറ്റ് ചെയ്യുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിരുന്നു. ഇതിന്റെ ഭാഗമായി 5043263 കിണറുകൾ ക്ലോറിനേറ്റ്

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്. തുടർപ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തുടരുന്നു. |
| (ബി) | ജനങ്ങൾ വീട്ടാവശ്യത്തിനുവേണ്ടി ഉപയോഗപ്പെടുത്തുന്ന എല്ലാ ജലസ്രോതസ്സുകളിലും ജലസംഭരണികളിലും അപകടകാരികളായ രോഗാണുക്കളുടെ സാന്നിധ്യം ഇല്ലെന്നുറപ്പുവരുത്തുന്നതിനുവേണ്ടി ജല ഗുണനിലവാര പരിശോധന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ട സാഹചര്യം നിലവിലുണ്ടോ; വിശദീകരിക്കുമോ; | (ബി) | ജലനിധി പദ്ധതികൾ നടപ്പിലാക്കിയപ്പോൾ തന്നെ ജല സ്രോതസ്സുകളുടെ സംരക്ഷണത്തിനും മാലിന്യ മുക്തമാക്കുന്നതിനും യുക്തി സഹമായ വിനിയോഗത്തിനും ഉള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ പദ്ധതിയുടെ ഭാഗമായി ചെയ്തുവരുന്നു.<br><br>കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിൽ അപകടകാരികളായ രോഗാണുക്കളുടെ സാന്നിധ്യം (E-coli, Total Coliform) ഇല്ലെന്നു ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. പൊതുജനങ്ങൾക്കായി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം വിതരണത്തിന് മുൻപ് തന്നെ ഉറപ്പുവരുത്താറുണ്ട്. ഇതിനാവശ്യമായ സജ്ജീകരണങ്ങൾ ജലശുദ്ധീകരണശാലകളിൽ തന്നെ ക്രമീകരിച്ചിട്ടുണ്ട്. അതോടൊപ്പം ജലസംഭരണികളും നിശ്ചിത ഇടവേളകളിൽ വൃത്തിയാക്കിവരുന്നു. കൂടാതെ, വീട്ടാവശ്യത്തിനായി മറ്റ് സ്രോതസ്സുകളെ ആശ്രയിക്കുന്ന ജനങ്ങൾക്ക്, അവർ ആശ്രയിക്കുന്ന ജലസ്രോതസ്സുകളിലെ (കിണർ/കുഴൽകിണർ/ മറ്റുള്ളവ) ജലം പരിശോധിക്കുന്നതിന് വേണ്ടി കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന ലാബുകൾ (Quality control lab) പ്രയോജനപ്പെടുത്താവുന്നതാണ്.<br><br>2018 ലെ പ്രളയത്തിനുശേഷം ചെളിയും മാലിന്യവും നിറഞ്ഞ പൊതുകിണറുകളിലെയും സ്വകാര്യ കിണറുകളിലെയും ജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് പ്രാഥമിക ജലഗുണനിലവാര നിർണയ ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനം ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടന്നു. ഹയർ സെക്കന്ററി സ്കൂളുകളിലാണ് പ്രാഥമിക ജലഗുണനിലവാര നിർണയലാബുകൾ സ്ഥാപിച്ചിട്ടുള്ളത്. നാളിതേവരെ MLA ഫണ്ടിൽ നിന്നും 229 ലാബുകളും റീബിൽഡ് കേരള ഇനീഷ്യേറ്റീവ് ഫണ്ടിൽ നിന്നും 313 ലാബുകളും സ്ഥാപിച്ചിട്ടുണ്ട്.<br><br>ഭൂജലവകുപ്പിന് NABL അക്രെഡിറ്റേഷൻ ലഭിച്ച ഒരു ലാബ് ഉൾപ്പെടെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, എന്നിവിടങ്ങളിലായി 3 റീജിയണൽ |

| | | | |
|---|---|---|---|
| | | | ജല ഗുണനിലവാര പരിശോധന ലാബുകളും ഒരു മൊബൈൽ ലാബും നിലവിലുണ്ട്. കൂടാതെ ഒരു ജില്ലയിൽ 2 എണ്ണം എന്ന രീതിയിൽ ഹയർ സെക്കണ്ടറി സ്കൂൾ ലാബുകളെ ജല ഗുണനിലവാര പരിശോധനക്കായി സജ്ജമാക്കിയിട്ടുണ്ട്. |
| (സി) | വിവിധ ആവശ്യങ്ങൾക്കായി ജനങ്ങൾ ജലം ശേഖരിക്കുന്ന ജലസ്രോതസ്സുകളായ കിണറുകളെയും കുളങ്ങളെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ മാപ്പ് ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ; | (സി) | ഭൂജലവകുപ്പ് മുഖേന കുടുംബശ്രീ യുടെ സഹായത്തോടെ ജലസ്രോതസ്സുകളുടെ സ്ഥിതി വിവര (Well Census) കണക്കുകൾ ശേഖരിക്കുന്നതിനായി ആരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ 93 ബ്ലോക്കുകളിലെ വിവരശേഖരണം നടത്തിയിരുന്നു. ശേഖരിച്ച വിവരങ്ങൾ മാപ്പ് ചെയ്തിട്ടുണ്ട്.<br><br>കേന്ദ്ര ജലശക്തി മന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരം സംസ്ഥാന ജലവിഭവ വകുപ്പ് മൈനർ ഇറിഗേഷൻ സെൻസസും വാട്ടർ ബോഡി സെൻസസും ഓരോ 5 വർഷം കൂടുമ്പോഴും നടത്തിവരുന്നു. 2023-24 അടിസ്ഥാന വർഷമാക്കി നടത്തുന്ന ഏഴാമത് മൈനർ ഇറിഗേഷൻ സെൻസസ്, രണ്ടാമത് വാട്ടർ ബോഡി സെൻസസ് എന്നിവയുടെ എന്യൂമറേഷൻ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്. ഇതിനായി ആവശ്യമെങ്കിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണം തേടാറുണ്ട്. കൂടാതെ ഹരിതകേരള മിഷനുമായി സഹകരിച്ച് തയ്യാറാക്കിയ നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാനിലും കുളങ്ങളുടെയും കൃഷി ആവശ്യത്തിന് ഉപയോഗിക്കുന്ന കിണറുകളുടെയും Geo-tag Mapping നടത്തിയിട്ടുണ്ട്.<br><br>ദേശീയ ഹരിത ട്രൈബ്യൂണലിന്റെ (NGT) യുടെ ഉത്തരവ് പ്രകാരം, ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും വീണ്ടെടുക്കുന്നതിനുമായി ശാസ്ത്രീയ നടപടികൾ നടപ്പിലാക്കുന്നതിനുമായുള്ള വിവരശേഖരണത്തിന് നോഡൽ ഏജൻസിയായി 'ഇറിഗേഷൻ ഡിസൈൻ ആന്റ് റിസർച്ച് ബോർഡിനെ' (IDRB) ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>കേന്ദ്ര ജൽ ശക്തി മന്ത്രാലയം, സെൻട്രൽ മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിൽ, കേരളത്തിൽ പുനരുജ്ജീവിപ്പിക്കേണ്ട 11,456 കുളങ്ങളുടെ മുൻഗണനാ പട്ടികയിൽ 9,204 എണ്ണത്തിന്റെ വിവരശേഖരണം (metadata collection) പൂർത്തിയായി. |

| | | | |
|---|---|---|---|
| (ഡി) | സ്വകാര്യ ഏജൻസികൾ കുടിവെള്ളമായി വിതരണം ചെയ്യുന്ന ജലം കൂടുതൽ സുരക്ഷിതവും ഉപഭോക്താക്കളുടെ ആരോഗ്യത്തിന് ഹാനികരമല്ലാത്ത തരത്തിലുമുള്ളതുമാണെന്നും ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ? | (ഡി) | ജലനിധി പദ്ധതികൾ നടപ്പിലാക്കിയപ്പോൾ തന്നെ ജല സ്രോതസ്സുകളുടെ സംരക്ഷണത്തിനും മാലിന്യ മുക്തമാക്കുന്നതിനും യുക്തി സഹമായ വിനിയോഗത്തിനും ഉള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ പദ്ധതിയുടെ ഭാഗമായി ചെയ്തുവരുന്നു .<br><br>ജലസ്രോതസ്സുകൾ കൃത്യമായ ഇടവേളകളിൽ ജലഗുണനിലവാര പരിശോധനകൾ നടത്തുന്നതിനും, ക്ലോറിനേറ്റ് ചെയ്ത് അണുനശീകരണം നടത്താനുമുള്ള നിർദേശങ്ങൾ ഗ്രാമ പഞ്ചായത്തുകൾക്കും കുടിവെള്ള സമിതികൾക്കും നൽകിയിട്ടുണ്ട്.<br><br>കുഴൽക്കിണറിൽ നിന്നും ടാങ്കർ ലോറി മുഖേന ജലവിതരണം നടത്തുന്നതിനായി NABL അക്രെഡിറ്റേഷൻ ലാബിൽ പരിശോധിച്ച ജലഗുണ നിലവാര റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ അനുമതി നൽകാവൂ എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ